**പതിമൂന്നാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4226 28.06.2012 -ൽ മറുപടിക്ക്.

**ഒന്നാം ക്ളാസിലെ പ്രവേശനത്തിനുള്ള പ്രായം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ | ശ്രീ.പി.കെ.അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) ഒന്നാം ക്ളാസ്സിലെ പ്രവേശനപ്രായം 6 വയസ്സാക്കുന്ന സാഹചര്യത്തിൽ എല്ലാ വിദ്യാലയങ്ങളിലും പ്രീ-പ്രൈമറികൾ ആരംഭിക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) സർക്കാർ എയ്ഡഡ് പ്രീ-പ്രൈമറി വിദ്യാലയങ്ങളിലെ അധ്യാപകർക്ക് ശമ്പളം സർക്കാർ നൽകുന്ന കാര്യം ആലോചിക്കുമോ; | (ബി) സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പ്രീപ്രൈമറി സ്കൂളുകളിലെ പി.എസ്.സി വഴി നിയമനം ലഭിച്ച അദ്ധ്യാപകർക്ക് 11,620 - 20,240 എന്ന ശമ്പള സ്കെയിലിൽ വേതനം നൽകി വരുന്നു. കൂടാതെ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ വിദ്യാലയങ്ങളോടനുബന്ധിച്ച് പി.ടി.എകളുടെ നിയന്ത്രണത്തിലും ഉത്തരവാദിത്വത്തിലും പ്രവർത്തിച്ചുവരുന്ന പ്രീപ്രൈമറി ക്ളാസ്സുകളിലെ അദ്ധ്യാപകർക്ക് പി.ടി.എ നൽകുന്ന വേതനത്തിനു പുറമേ സർക്കാരിൽ നിന്നും പ്രതിമാസം നിശ്ചിത തുക സഹായധനമായി അനുവദിക്കുന്നുണ്ട്. എയിഡഡ് സ്കൂളുകളിൽ പ്രീപ്രൈമറി ആരംഭിക്കാൻ പി.ടി.എ.കൾക്ക് അനുവാദം നൽകിയിട്ടില്ല. |
| (സി) പ്രീ-പ്രൈമറി വിഭാഗത്തിനായി പാഠപുസ്തകം, അദ്ധ്യാപകർക്ക് ഹാൻഡ്ബുക്ക് എന്നിവ തയ്യാറാക്കിയിട്ടുണ്ടോ; | (സി) & (ഡി) ഇത് സംബന്ധിച്ച പ്രാരംഭ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. |
| (ഡി) ഇല്ലെങ്കിൽ അവ ഉടൻ തയ്യാറാക്കി വിതരണം ചെയ്യാനാവശ്യമായ നിർദ്ദേശം നൽകുമോ? | |

സെക്ഷൻ ഓഫീസർ